## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ-വിജിലൻസ് - ജീവനക്കാര്യം - അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നത് - ശ്രീ.ആൽഫ്രഡ് തോമസ്, മുൻ സീനിയർ ക്ലാർക്ക് - പ്രാഥമികാരോഗ്യ കേന്ദ്രം, വാഴപ്പള്ളി, കോട്ടയം - 01.04.2010 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. കോട്ടയം ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)-റുടെ 02.06.2011-ലെ എ6-12154/2010 നമ്പർ കത്ത്.
2. ഈ ആഫീസിൽ നിന്നും നൽകിയ 01.02.2012-ലെ ഇ.സി.3-59991/2011 നമ്പർ കുറ്റാരോപണ മെമ്മോ.
3. 08.02.2013-ൽ 2 പ്രമുഖ മലയാള ദിനപത്രങ്ങളിലൂടെ പ്രസിദ്ധീകരിച്ച നോട്ടീസ്.
4. ഉത്തരവ് നം: ഇ.സി.3-59991/2011/ആ.വ.ഡ., തീയതി: 17.12.2013.
5. ഈ ആഫീസിൽ നിന്നും അയച്ച 27.05.2014-ലെ കത്ത്.
6. 18.06.2014-ന് വാഴപ്പള്ളി പി.എച്ച്.സി. മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ് സമർപ്പിച്ച സ്റ്റേറ്റ്മെന്റ്.
7. ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) സമർപ്പിച്ച 1960-ലെ കെ.സി.എസ്. (സി.സി.&എ.) ചട്ടം 15 പ്രകാരമുള്ള ഏകപക്ഷീയമായ അന്വേഷണ റിപ്പോർട്ട്.
8. ഈ ആഫീസിൽ നിന്നും നൽകിയ 04.07.2014-ലെ കാരണം കാണിക്കൽ നോട്ടീസ്.
9. 16.11.2017-ൽ പ്രമുഖ മലയാള ദിനപത്രങ്ങളിലൂടെ പ്രസിദ്ധീകരിച്ച കാരണം കാണിക്കൽ നോട്ടീസ്.
10. സർക്കാർ കത്ത് നം: എച്ച്.1-196/2018/ആ.കു.വ., തീയതി: 26.07.2018

**ഉത്തരവ് നം. ഇ.സി. 3 - 59991/2011/ആ.വ.ഡ, തീയതി: 24/09/2018**

കോട്ടയം ജില്ലയിലെ വാഴപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ.ആൽഫ്രഡ് തോമസ് എന്ന താങ്കൾ 01.04.2010 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നു എന്ന പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം വാഴപ്പള്ളി മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ് മുഖേന കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത കവർ "മേൽവിലാസക്കാരൻ ഇന്ത്യ വിട്ടു" എന്ന കുറിപ്പോടെ തപാൽ വകുപ്പ് തിരിച്ച് അയയ്ക്കുകയാണുണ്ടായത്. തുടർന്ന് പരാമർശം (3) പ്രകാരം ടി വിവരം ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന പ്രസിദ്ധീകരണത്തിന് നൽകുകയും ആയത് 08.02.2013-ന് 2 പ്രമുഖ മലയാള ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ തുടർന്നും താങ്കളുടെ ഭാഗത്ത് നിന്നും യാതൊരു പ്രതികരണവും ഉണ്ടാകാത്ത സാഹചര്യത്തിലും 01.04.2010 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നത് തുടരുന്നതിനാലും 1960-ലെ

കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) നിയമത്തിലെ ചട്ടം 15 പ്രകാരം ഔപചാരികാന്വേഷണം നടത്താൻ' ഉത്തരവാകുകയും പരാമർശം (4) പ്രകാരം ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും ചെയ്തു.

പ്രസ്തുത അന്വേഷണം 18.06.2014-ന് വാഴപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ച് മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ് മുഖേനെ താങ്കൾക്ക് അറിയിപ്പ് നൽകാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വാഴപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ് താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ അയച്ച അറിയിപ്പ് "മേൽവിലാസക്കാരൻ ഇന്ത്യ വിട്ടു" എന്ന കുറിപ്പോടെ തപാൽ വകുപ്പ് മടക്കി അയയ്ക്കുകയാണുണ്ടായത്" എന്ന് മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ് അന്വേഷണ സമയത്ത് മൊഴി നൽകുകയാണുണ്ടായത്. ആകയാൽ അന്വേഷണ ഉദ്യോഗസ്ഥ ഏകപക്ഷീയമായ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയാണുണ്ടായത്.

01.04.2010 മുതൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുകയും മേലുദ്യോഗസ്ഥരിൽ നിന്നും വന്ന അറിയിപ്പുകൾ കൈപ്പറ്റാതിരിക്കുകയും ജോലിയിൽ പുനഃപ്രവേശിക്കുന്നതിന് താൽപര്യം പ്രകടിപ്പിക്കാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ കുറ്റം ആകുന്നു. ആകയാൽ അന്വേഷണ ഉദ്യോഗസ്ഥ ശുപാർശ ചെയ്ത പ്രകാരം താങ്കളെ 01.04.2010 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിക്കുകയും, ആയത് അറിയിച്ച് കാരണം കാണിക്കൽ നോട്ടീസ് പരാമർശം. (8) പ്രകാരം താങ്കളുടെ ലഭ്യമായ മേൽവിലാസത്തിൽ അയച്ചുവെങ്കിലും കൈപ്പറ്റ് പകർപ്പ് ലഭിക്കാത്ത സാഹചര്യത്തിൽ പി.ആർ.ഡി. മുഖേന പരാമർശം (9) പ്രകാരം 2 പ്രമുഖ മലയാള ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ അതിനു ശേഷവും താങ്കൾ താൽക്കാലിക തീരുമാനത്തിനെതിരെ യാതൊന്നും ബോധിപ്പിച്ചിട്ടില്ല. ആകയാൽ താൽക്കാലിക തീരുമാനത്തിനെതിരെ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ എത്തിചേർന്നിരിക്കുന്നു.

മേൽ സാഹചര്യത്തിൽ കോട്ടയം വാഴപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ.ആൽഫ്രഡ് തോമസ് എന്ന താങ്കളെ 01.04.2010 മുതൽ സേവനത്തിൽ നിന്നും പിരിച്ചുവിടുവാനുള്ള താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് 01.04.2010 മുതൽ സേവനത്തിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് ഉത്തരവാകുന്നു.

**സി.എം.അജയമോഹൻ,**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ.**

സ്വീകർത്താവ്:-
ശ്രീ.ആൽഫ്രഡ് തോമസ്,
എടക്കാട്ടു ഹൗസ്, വാഴപ്പള്ളി. (പി.ഒ.)
ചങ്ങനാശ്ശേരി, കോട്ടയം.
(ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോട്ടയം മുഖേന)

പകർപ്പ്:-
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോട്ടയം.
2. മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ്, വാഴപ്പള്ളി, കോട്ടയം.
3. സൂപ്രണ്ട്, ഇ.ഡി. സെക്ഷൻ.
4. ഫയൽ/കരുതൽ ഫയൽ.